പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5294

31.10.2016-ൽ മറുപടിയ്ക്ക്.

## അപകടങ്ങൾ മൂലം നിരാലംബരാകുന്ന കുടുംബങ്ങളെ രക്ഷിക്കുന്നതിനായി പദ്ധതി

ചോദ്യം

ശ്രീ. എൽദോസ് കുന്നപ്പിള്ളി

മറുപടി

ശ്രീ. പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര വാഹനാപകടങ്ങൾ നടന്നു ; ഇതിൽ മരണപ്പെട്ടവരുടെ ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കാമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (25.05.2016 മുതൽ 22.10.2016 വരെ) സംസ്ഥാനത്ത് നടന്ന വാഹനാപകടങ്ങളുടെയും മരണപ്പെട്ടവരുടെയും ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു .

| ജില്ല | വാഹനാ പകടങ്ങൾ | മരണ പ്പെട്ടവർ |
|---|---|---|
| തിരുവനന്തപുരം സിറ്റി | 1003 | 73 |
| തിരുവനന്തപുരം റൂറൽ | 1224 | 126 |
| കൊല്ലം സിറ്റി | 717 | 74 |
| കൊല്ലം റൂറൽ | 603 | 67 |
| പത്തനംതിട്ട | 624 | 44 |
| ആലപ്പുഴ | 1179 | 130 |
| കോട്ടയം | 1047 | 82 |
| ഇടുക്കി | 394 | 35 |
| എറണാകുളം സിറ്റി | 1084 | 69 |
| എറണാകുളം റൂറൽ | 1441 | 139 |
| തൃശ്ശൂർ സിറ്റി | 561 | 50 |
| തൃശ്ശൂർ റൂറൽ | 1089 | 110 |
| പാലക്കാട് | 1001 | 147 |
| മലപ്പുറം | 965 | 145 |
| കോഴിക്കോട് സിറ്റി | 582 | 61 |
| കോഴിക്കോട് റൂറൽ | 710 | 92 |
| വയനാട് | 260 | 28 |

| | | |
|---|---|---|
| കണ്ണൂർ | 768 | 83 |
| കാസർഗോഡ് | 416 | 35 |
| ആകെ | 15,668 | 1590 |

| | | | |
|---|---|---|---|
| (ബി) | അപകടങ്ങൾ മൂലം നിരാലംബരാകുന്ന കുടുംബങ്ങളെ രക്ഷിക്കുന്നതിനായി ഒരു പ്രത്യേക നിധി രൂപീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ ; വ്യക്തമാക്കുമോ ; | (ബി) & (സി) | അപകടത്തിൽപ്പെടുന്നവർക്കുള്ള ചികിത്സാ സഹായത്തിനു പുറമേ ദാരുണ മരണം സംഭവിക്കുന്ന കേസുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് വ്യവസ്ഥകൾക്ക് അനുസൃതമായി ഓരോ ലക്ഷം രൂപ വീതം നിരാലംബരാകുന്ന കുടുംബങ്ങൾക്ക് നൽകി വരുന്നുണ്ട്.<br>പ്രത്യേക നിധി രൂപീകരിക്കുന്നതിനായുള്ള പദ്ധതി സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | അപകടങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നതിൽ 70 ശതമാനത്തിലധികം പേർ 18 നും 34 നും ഇടയ്ക്ക് പ്രായമുള്ളവരാണെന്ന വസ്തുത പരിഗണിച്ച് മേൽപറഞ്ഞ പദ്ധതിക്ക് അടിയന്തര പരിഗണന നൽകുമോ ? | | |

സെക്ഷൻ ഓഫീസർ